**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 780** **05.02.2020-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം**

**ചോദ്യം**
**ശ്രീ.പി.വി. അൻവർ**

**മറുപടി**
**എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | നിലമ്പൂരിലെ ചുങ്കത്തറ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം സംബന്ധിച്ച് 2016-ൽ നൽകിയ നിവേദനത്തിന് മറുപടിയായി 1193/vip/ M(SC/ST,BC,LA,W&C) 2016 നമ്പർ കത്ത് നൽകിയതല്ലാതെ കഴിഞ്ഞ രണ്ടുവർഷം പിന്നിട്ടിട്ടും വകുപ്പ് ഒരു നടപടിയും എടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുടർനടപടി സ്വീകരിക്കുമോ; | എ) | നിലമ്പൂരിലെ ചുങ്കത്തറ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം സംബന്ധിച്ച അപേക്ഷ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമായിട്ടുള്ളതും, ആയതിന് വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചു വരികയുമാണ്. |
| ബി) | ഏത് ഓഫീസിലാണ് ഫയലുമായി ബന്ധപ്പെട്ട തടസ്സമുണ്ടായത്; കാരണം വിശദമാക്കാമോ? | ബി) | ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ നിന്നാണ് പ്രസ്തുത വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ കോളനികളിൽ ക്രമപ്രകാരവും സർക്കാർ മാനദണ്ഡവുമനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കേണ്ടതും, പദ്ധതിയ്ക്ക് ജില്ലാ/സംസ്ഥാനതല ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ഏറ്റെടുത്ത് നടത്തുന്നതിന് തയ്യാറാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളുടെ സമ്മതപത്രവും ലഭിക്കേണ്ടതുണ്ട്.<br><br>ചുങ്കത്തറ പഞ്ചായത്തിലെ പടിഞ്ഞാറ്റിയം പാടം കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനും, പള്ളിക്കുത്ത് |

| | | | |
|---|---|---|---|
| | | | പടിഞ്ഞാറ്റിയം പാടം, വളയനൊടി കോളനികളിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനും വീടുകൾ പുനരുദ്ധാരണം നടത്തുന്നതിനും ലഭ്യമായ അപേക്ഷയിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട എസ്റ്റിമേറ്റ്, പദ്ധതി നിർവ്വഹണം ഏറ്റെടുത്ത് നടത്താം എന്ന സമ്മതപത്രം എന്നിവ ലഭ്യമാക്കുന്നതിന് ചുങ്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് രേഖാമൂലം കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ മറുപടി നാളിതുവരെ ലഭ്യമാകാത്തതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**